No. CEE/5354/PGM/2019/TA3


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.


## പത്രക്കുറിപ്പ്

## 2019–ലെ മെഡിക്കൽ പി.ജി. പ്രവേശനം

## ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനത്തിന് ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട അപേക്ഷകരിൽ നിന്നും രേഖകൾ ക്ഷണിച്ചു

പി.ജി. മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സിൽ സംസ്ഥാനത്തെ ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകലിലേയ്ക്ക് 2019–20 അധ്യയന വർഷം പ്രവേശനം ആഗ്രഹിക്കുന്ന ക്രിസ്ത്യൻ/മുസ്ലീം ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട അപേക്ഷകരിൽ നിന്നും സമുദായം തെളിയിക്കുന്ന രേഖകൾ ക്ഷണിച്ചു. ക്രിസ്ത്യൻ/മുസ്ലീം ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന അതത് സമുദായത്തിൽപ്പെട്ട അപേക്ഷകർ റവന്യൂ അധികാരികളിൽ നിന്നും ലഭിക്കുന്നതും, ക്രിസ്ത്യൻ/മുസ്ലീം വിഭാഗത്തിൽപ്പെടുന്നു എന്ന് തെളിയിക്കുന്നതുമായ ജാതി സർട്ടിഫിക്കറ്റ് ഓൺലൈൻ അപേക്ഷാ സമർപ്പണ വേളയിൽ അപ്ലോഡ് ചെയ്യേണ്ടതാണ്. ഇതിനോടകം പി.ജി മെഡിക്കൽ കോഴ്സ് പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിച്ച് സർട്ടിഫിക്കറ്റുകളുടെ അപ്ലോഡ് ഫൈനലൈസ് ചെയ്തു കഴിഞ്ഞവർക്ക് അവരുടെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുള്ള '**Upload Minority Certificate**' എന്ന ലിങ്കിലൂടെ ന്യൂനപക്ഷ സമുദായം തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യാവുന്നതാണ്. ക്രിസ്ത്യൻ/മുസ്ലീം വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർ എസ്.ഇ.ബി.സി സംവരണത്തിനായി വില്ലേജ് ഓഫീസറിൽ നിന്നുള്ള നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് ഓൺലൈൻ അപേക്ഷാ സമർപ്പണ വേളയിൽ അപ്ലോഡ് ചെയ്യുന്ന/ചെയ്തിട്ടുള്ള പക്ഷം അവർ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകൾക്കായി വീണ്ടും ജാതി സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യേണ്ടതില്ല.

2019–ലെ പി.ജി മെഡിക്കൽ കോഴ്സിലേയ്ക്ക് പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും ന്യൂനപക്ഷ സമുദായം തെളിയിക്കുന്നതിനുള്ള രേഖകൾ അപ്ലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ 2019 മാർച്ച് 25 വൈകുന്നേരം 5 മണിവരെ ലഭ്യമാകുന്നതാണ്.

ഹെൽപ്പ്ലൈൻ നമ്പരുകൾ: **0471 – 2339101, 2339102, 2339103, 2339104**

Seetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
22.03.2019